കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
TC No. 24/1461, Vanchiyoor, Convent Road, Kammattam Lane, Thiruvananthapuram-35
Phone: 0471-2472253, 2472254, Fax: 0471-2462252, E-mail: stateliteracymission@gmail.com

തീയതി :20.11.2017

## പരിസ്ഥിതിയ്ക്ക് 'കൈത്താങ്ങായി' സെമിനാർ

# പരിസ്ഥിതിയെ മറന്നുള്ള കമ്പോള സംസ്കാരം ചെറുക്കണം: മന്ത്രി

തിരുവനന്തപുരം: പരിസ്ഥിതിയെ മറന്ന് പണം ഉണ്ടാക്കുകയെന്ന കമ്പോള സംസ്കാരത്തെ ഏതുവിധേനയും ചെറുക്കണമെന്ന് വിദ്യാഭ്യാസവകുപ്പ് മന്ത്രി സി.രവീന്ദ്രനാഥ്. മുതലാളിത്തത്തിന്റെ വിപത്കരമായ ആശയമാണ് പരിസ്ഥിതിയെ നശിപ്പിക്കുകയെന്നുള്ളത്. വിവിധ മിഷനുകളിലൂടെ കേരളത്തെ സമഗ്ര വികസനത്തിലേക്ക് എത്തിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് ഫലപ്രാപ്തിയുണ്ടാകാൻ ആരോഗ്യകരമായ പരിസ്ഥിതി സൗഹൃദ സംസ്കാരം കേരളം അവലമ്പിക്കേണ്ടതുണ്ട്. സംസ്ഥാന സാക്ഷരതാമിഷൻ സംഘടിപ്പിച്ച ദ്വിദിന പരിസ്ഥിതി സെമിനാറിന്റെ സമാപനച്ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രകൃതി നിലനിൽക്കുന്നത് സന്തുലനത്തിലൂടെയാണ്. ആ സന്തുലനം നിലനിറുത്തുകയെന്നുള്ളതാണ് മനുഷ്യരുടെ കടമ. പ്രകൃതി എന്തു നൽകിയോ, അതുപോലെ വരുംതലമുറകൾക്ക് തിരിച്ചു നൽകാനുള്ള ബാധ്യത എല്ലാവർക്കുമുണ്ട്. നദിയും പുഴയും കിണറും മറ്റു ജലാശയങ്ങളുമെല്ലാം നമ്മുടെ ജീവൽ സ്രോതസ്സുകളാണ്. ഇവയെ നശിപ്പിക്കാനുള്ള നീക്കം ആരു നടത്തിയാലും ശക്തമായ ജനകീയ പ്രതിഷേധം ഉയർന്നുവരണമെന്നും രവീന്ദ്രനാഥ് പറഞ്ഞു.

സംസ്ഥാന സാക്ഷരതാമിഷന്റെ പരിസ്ഥിതി സാക്ഷരതാപദ്ധതിയുമായി ബന്ധപ്പെട്ടു നടത്തിയ പരിസ്ഥിതി സെമിനാറിൽ മൊത്തം 23 പ്രബന്ധങ്ങൾ അവതരിപ്പിച്ചു. മണ്ണ്, ജലം, കാലാവസ്ഥാ വ്യതിയാനം, മാലിന്യനിർമ്മാർജനം, ജൈവവൈവിധ്യങ്ങൾ, ഹരിതഭവനം എന്നീ 6 മേഖലകളെ അധികരിച്ചുള്ള പ്രബന്ധങ്ങളാണ് അവതരിപ്പിച്ചത്. ആദിവാസി മേഖലയിൽ നിന്നും ടാൻസ്ജെൻഡർ വിഭാഗത്തിൽ നിന്നുമുള്ളവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചവരിൽ ഉൾപ്പെടുന്നു. പരിസ്ഥിതി സംബന്ധമായ അക്കാദമിക് പഠനങ്ങളുടെ അവതരണത്തോടൊപ്പം

സാക്ഷരതാമിഷന്റെ തുടർ വിദ്യാകേന്ദ്രങ്ങൾ നടത്തിയ ജനകീയ പരിസ്ഥിതി പ്രവർത്തനങ്ങളെക്കുറിച്ചുള്ള പ്രാദേശിക പഠനങ്ങളും സെമിനാർ ചർച്ച ചെയ്തു. പരിസ്ഥിതി പ്രശ്നങ്ങളുടെ രാഷ്ട്രീയ – സാമൂഹിക തലങ്ങൾ ഉൾപ്പെട്ട പ്രബന്ധങ്ങൾ ശ്രദ്ധേയമായി. ആദിവാസി മേഖലകളിലെ സവിശേഷമായ പരിസ്ഥിതി അനുഭവങ്ങൾ, വ്യക്തി, കുടുംബം, സമൂഹം എന്നീ നിലകളിൽ ആർജ്ജിക്കേണ്ട പ്രാഥമിക പരിസ്ഥിതി വിജ്ഞാനത്തെ അടിസ്ഥാനമാക്കിയിട്ടുള്ള പ്രബന്ധങ്ങളും ഏറെ ശ്രദ്ധിക്കപ്പെട്ടു. 'പരിസ്ഥിതി സൗഹൃദജീവിതം' എന്ന വിഷയത്തിൽ ആസൂത്രണ ബോർഡംഗം ഡോ.ബി.ഇക്ബാൽ പ്രഭാഷണം നടത്തി.

സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടർ ഡോ.പി.എസ്.ശ്രീകല അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ ടെക്നിക്കൽ അഡ്വൈസർ ഡോ.അജയവർമ്മ, ശുചിത്വമിഷൻ ഡയറക്ടർ എൽ പി ചിത്തർ, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, ബയോ ഡൈവേഴ്സിറ്റി ബോർഡ് സീനിയർ പ്രോഗ്രാം കോ–ഓർഡിനേറ്റർ ഡോ.സുരേഷ്ബ്ബു, ലാൻഡ് യൂസ് ബോർഡ് റിട്ട. ജോയിന്റ് ഡയറക്ടർ എഡിസൺ, ഹാബിറ്റാറ്റ് പ്രതിനിധി മധുസൂദനൻ എന്നിവർ മോഡറേറ്റർമാരായിരുന്നു. അസി.ഡയറക്ടർമാരായ കെ.അയ്യപ്പൻനായർ, ഡോ.വിജയമ്മ, കോർഡിനേറ്റർമാരായ ഇ.വി.അനിൽകുമാർ, പ്രശാന്ത്കുമാർ തുടങ്ങിയവർ പങ്കെടുത്തു.

പബ്ലിക് റിലേഷൻസ് ഓഫീസർ